"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്- ശ്രീ. ബിനു. കെ.ജി, (പെൻ 883942) യുടെ തസ്തിക 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്" എന്നത് മാറ്റി 'ഡ്രൈവർ ഗ്രേഡ് II (LDV) ' എന്ന് തിരുത്തൽ വരുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്

സ.ഉ.(കൈ) നം.79/2025/GAD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-
1. KPSC അഡ്വൈസ് മെമ്മോ നമ്പർ IDB (2) 2418/2014,Dt. 28.12.2019 & 09.01.2020
2. 15.2.2020 തിയതിയിലെ പൊതുഭരണ(സർവീസസ്-സി) വകുപ്പിന്റെ സർ .സി 1/ 23/2020/പൊ ഭ വ നമ്പർ മെമ്മോ
3. ശ്രീ. ബിനു. കെ.ജിയുടെ (പെൻ 883942) 02.08.2024 തീയതിയിലെ അപേക്ഷ
4. 19.11.2015-ലെ സ.ഉ(കൈ)നം.29/2015/ഉ.പ.ഭ.വ ഉത്തരവ്.
5. 18.04.2023-ലെ സ.ഉ.(അച്ചടി)നം.7/2023/P&ARD ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം (1)ലെ,കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇടുക്കി ജില്ലാ ഓഫീസിൽ നിന്നുള്ള 28.12.2019 ലെ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയിലെ നിയമന ശിപാർശ പ്രകാരം ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി റൊട്ടേഷൻ അനുസരിച്ച് പൊതുഭരണ വകുപ്പിൽ ശ്രീ. ബിനു. കെ.ജി നിയമിതനായി. എന്നാൽ പരാമർശം (2) പ്രകാരം പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച നിയമന ഉത്തരവിൽ തസ്തിക "ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്" ആയാണ് നിയമനം നൽകിയത്. 07.02.2020 തീയതിയിൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ബിനു. കെ.ജി, ടി യാളുടെ നിയമന ഉത്തരവിലും മറ്റു രേഖകളിലും ' ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്" എന്നത് മാറ്റി ' ഡ്രൈവർ ഗ്രേഡ് II (LDV) ' എന്ന് തിരുത്തൽ വരുത്തുന്നതിന് പരാമാർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

2. പരാമാർശം (4) & (5) ലെ സർക്കാർ ഉത്തരവുകളിൽ 2015 നവംബർ 19 ന്

ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കാണ് ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ളതെന്നും ടി തീയതിക്ക് മുമ്പ് സർവ്വീസിൽ നിയമിതരായ ഡ്രൈവർമാർ ഓഫീസ് അറ്റൻഡന്റ് ചുമതല നിർവഹിക്കേണ്ടതില്ലെന്നും വ്യക്തത വരുത്തിയിട്ടുണ്ട്. ടി ഉത്തരവുകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ബിനു. കെ.ജി യുടെ തസ്തിക ഡ്രൈവർ ഗ്രേഡ് II (LDV) എന്നായി എല്ലാ ഔദ്യോഗിക സേവന രേഖകളിലും തിരുത്തുന്നതിന് ഉത്തരവാകുന്നു. ശ്രീ.ബിനു.കെ.ജി യുടെ സെക്രട്ടേറിയറ്റിനു പുറത്തുള്ള, അന്യത്രസേവനത്തിലടക്കമുള്ള, ഔദ്യോഗിക രേഖകൾ തിരുത്തുന്നതിന് ഈ ഉത്തരവ് പ്രകാരം അധികാരികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ് .

3 . ശ്രീ. ബിനു.കെ.ജി സർവ്വീസിൽ പ്രവേശിച്ചത് 2015 നവംബർ 19 -ാം തീയതിക്ക് ശേഷം 07.02.2020 നാണ് .ആയതിനാൽ പരാമർശം (5) ലെ ഉത്തരവ് അനുസരിച്ച് ശ്രീ. ബിനു.കെ.ജി ഓഫീസ് അറ്റൻഡന്റിന്റെ ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
ADDITIONAL SECRETARY & JOINT CHIEF PROTOCOL OFFICER

ശ്രീ. ബിനു. കെ.ജി, ഡ്രൈവർ ഗ്രേഡ് II LDV, ഐ.എം.ജി, കാക്കനാട്. പി.ഒ കൊച്ചി (on Deputation)
ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ഇടുക്കി
റീജിയണൽ ഡയറക്ടർ, ഐ.എം.ജി, കാക്കനാട്. പി.ഒ കൊച്ചി
പൊതുഭരണ (അക്കൗണ്ട്സ്-എച്ച്) വകുപ്പ്
ഉദ്യോഗസ്ഥഭരണപരിഷ്കാര (അഡ്വൈസ് എ, ബി, സി) വകുപ്പുകൾ
വിവരപൊതുജനസമ്പർക്ക വകുപ്പ്
പൊതുഭരണവകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Dileep Kumar R
Date: 05-06-2025 14:12:22